**--ഭരണഭാഷ മാതൃഭാഷ--**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തിയതി- **28/09/2020**
ഇമെയിൽ- supdta.dge@kerala.gov.in
Phone- 0471-2580513

**No:** DGE/8157/2020-A5
പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

സർ,

*വിഷയം- പൊ.വി- അവധി കഴിഞ്ഞ് അദ്ധ്യാപകരെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുന്നത്- 2020-21- സംബന്ധിച്ച്*

*സൂചന-*

1. *ഹയർ സെക്കന്ററി വിഭാഗത്തിലേക്ക് സർക്കാർ നൽകിയ 06.08.2020 ലെ പൊ.വി/123/യു1/2020/പൊ.വി.വ നമ്പർ കത്ത്*
2. *പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28.09.2020 ലെ നോട്ട് ഉത്തരവ്*

ശൂന്യവേതനാവധി, പ്രസവാവധി, അന്യത്ര സേവനം എന്നിവ കഴിഞ്ഞ് വരുന്ന അദ്ധ്യാപകരെ കൊവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, സ്കൂൾ അദ്ധ്യയനം റഗുലർ ആയി ആരംഭിക്കാത്തതിനാൽ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ, ഹയർ സെക്കന്ററി വിഭാഗത്തിന് സർക്കാർ നൽകിയ നിർദ്ദേശ പ്രകാരം, അദ്ധ്യാപകരെ സേവനത്തിൽ പ്രവേശിപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ, പ്രൈമറി, സെക്കന്ററി അദ്ധ്യാപകരെയും തിരികെ സേവനത്തിൽ പ്രവേശിപ്പിക്കാവുന്നതാണ് എന്ന് നിർദ്ദേശം നൽകുന്നു. അദ്ധ്യാപകരുടെ റവന്യൂ ജില്ലാതല ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുമ്പോൾ നിലവിലെ ഒഴിവിലെ നിയമനം പുനപരിശോധിക്കുന്നതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തി, സർക്കാർ/ പൊതു വിദ്യാഭ്യാസ ഡയറക്ടർ/ സ്ഥാപന മേധാവി എന്നിവർ അനുവദിച്ച അവധിയും, അന്യത്ര സേവനവും കഴിഞ്ഞ് തിരികെ എത്തുന്ന അദ്ധ്യാപകരെ സേവനത്തിൽ പ്രവേശിപ്പിക്കാവുന്നതാണ് എന്നും, സേവനത്തിൽ നിന്ന് വിട്ടുനിന്ന കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിക്കേണ്ടതാണ് എന്നും നിർദേശം നൽകുന്നു.

വിശ്വസ്തതയോടെ

Signature Not Verified
Digitally signed by JEEVAN BABU K IAS
Date: 2020.09.28 14:12:14 IST
Reason: Approved

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**